നം: പി.എച്ച്-6/4272/10/ആ.ഡ.കാ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി 22/4/2010.

പ്രേഷിതൻ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)
തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/കോട്ടയം/ആലപ്പുഴ/
എറണാകുളം/കണ്ണൂർ/ഇടുക്കി/കോഴിക്കോട്/കാസർകോഡ്/
പാലക്കാട്/മലപ്പുറം/വയനാട്/തൃശ്ശൂർ.

സർ,

വിഷയം: ടുബാക്കോ ഉത്പ്പന്നങ്ങളുടെയും സിഗരറ്റുകളുടെയും നിയമവിരുദ്ധമായ വിൽപ്പന സംബന്ധിച്ച്
സൂചന: സർക്കാർ കത്ത് നം. 3188/ഇ1/2010/എച്ച് & എഫ് ഡബ്ലിയു.ഡി തീയതി 22/2/10.

.......................

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 അടി ചുറ്റളവിൽ പുകയില അടങ്ങിയ ഉൽപ്പന്നങ്ങൾ വിൽക്കുന്നത് നിയമവിരുദ്ധമാണ് എന്നിരിക്കിലും ഇപ്പോഴും വിൽപ്പന തുടരുന്നു എന്ന് ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വന്നിരിക്കുന്നു എന്ന് മേൽ സൂചന പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 അടി ചുറ്റളവിൽ എല്ലാവിധ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും അതു പോലെ തന്നെ 18 വയസ്സിനു താഴെയുള്ളവർക്ക് എല്ലാവിധ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും കർശനമായി നിരോധിച്ചിട്ടുണ്ട്. ഇവ വ്യക്തമാക്കുന്ന ബോർഡ് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മുൻപിലും പ്രദർശിപ്പിക്കുവാൻ അധികൃതരെ അറിയിക്കുവാനായി ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇവ നടപ്പിൽ വരുത്തുവാനായി പോലീസ് വകുപ്പിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സഹായം ആവശ്യപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ,

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

ആർ.എം.